(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇപ്പോഴുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 5-8-2003-ന് അവസാനിക്കും.

(ബി) ഉണ്ട്. ആലപ്പുഴയിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ എത്രയും പെട്ടെന്ന് പി.എസ്.സി.യെ അറിയിക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. ഉത്തരവ് നടപ്പിലാക്കാനുള്ള നടപടിക്രമം സ്വീകരിച്ചുവരുന്നു.

(സി&ഡി) ആലപ്പുഴ ജില്ലയിൽ ഇപ്പോൾ 41 സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്. അതിൽ 12 ഒഴിവുകൾ എൻ.ജെ.ഡി. ഒഴിവുകളാണ്. പ്രസ്തുത ഒഴിവ് പി.എസ്.സി.-യെ അറിയിച്ചുകഴിഞ്ഞു. ബാക്കിയുള്ള 29 ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുന്നതിനുമുമ്പ് സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഒഴിവ് വരുന്ന മുറയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ പരമാവധി സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്നതാണ്.

ആശ്രിത ജോലിക്കായുള്ള ബിൻസി കുര്യന്റെ അപേക്ഷ

17 (4452) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന ജവാൻമാരുടെ ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ ജോലി നൽകാറുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ തോട്ടൂർ പഞ്ചായത്തിലെ വക്കച്ചാലിൽ ബിൻസി കുര്യനിൽ നിന്നും ആശ്രിത ജോലിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ കൊല്ലപ്പെടുകയോ, കാണാതാവുകയോ, 50 ശതമാനത്തിനുമേൽ അംഗവൈകല്യം സംഭവിച്ച് സിവിൽജോലിക്ക് അർഹനല്ലെന്ന് പ്രഖ്യാപിക്കപ്പെടുകയോ ചെയ്ത പ്രതിരോധ സേനാംഗങ്ങളുടേയും, സൈനികസേവനവുമായി ബന്ധപ്പെട്ട ബി.എസ്.എഫ്./ "ഗ്രെഫ്" സേനാംഗങ്ങളുടേയും ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ആശ്രിത നിയമനവും, സാമ്പത്തിക സഹായവും നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രമതി ബിൻസി കുര്യന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും ടിയാൾക്ക് 1,50,000 രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചെക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശ്രിത നിയമത്തിനായി അർഹത നിർണ്ണയം നടത്തുന്നതിന് ആവശ്യമായ പ്രമാണങ്ങൾ ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ സൈനികക്ഷേമ ഓഫീസറോടും മരണപ്പെട്ട ജവാന്റെ റിക്കാർഡ് ഓഫീസുമായും ബന്ധപ്പെട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്ലാനിംഗ് ബോർഡിലുണ്ടായിരുന്ന പീപ്പിൾസ് ക്യാംപയിൻ സെല്ലിന്റെ ഉത്തരവാദിത്വങ്ങൾ

18 (4453) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡിലുണ്ടായിരുന്ന പീപ്പിൾസ് പ്ലാൻ ക്യാംപയിൻ സെല്ലിന്റെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തായിരുന്നു ;

(ബി) ഈ സെല്ലിൽ ആരെല്ലാമുണ്ടായിരുന്നുവെന്നും പ്ലാനിംഗ് ബോർഡിൽ ഈ സെല്ലിനെ നിയന്ത്രിച്ചതാരായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) പി.പി.സി.സി.യെ ഘട്ടം ഘട്ടമായി ഇല്ലാതാക്കുകയും അതു ചെയ്തിരുന്ന കാര്യങ്ങൾ 'കില'-യെ ഏൽപ്പിക്കുകയും ചെയ്തുവോയെന്നും അതിന്റെ ഭാഗമായി കിലയിൽ പുതിയ ഡയറക്ടറെ നിയമിച്ചുവോയെന്നും വിശദമാക്കുമോ ;

(ഡി) എങ്കിൽ അയാൾ ആരായിരുന്നുവെന്നും ശമ്പളം, അലവൻസുകൾ എല്ലാം ചേർത്ത് അയാൾക്ക് നൽകിയ പ്രതിഫലം എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) പി.പി.സി.സി.-യെ ഘട്ടംഘട്ടമായി ഇല്ലാതാക്കിയെങ്കിൽ അതിൽനിന്നും കാപ്ഡെക്കിന്റെ (CAPDECK) ജോയിന്റ് പ്രോജക്ട് കമ്മിറ്റിയിൽ ആളെ നിയമിച്ചതെപ്രകാരമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച് ജനകീയാസൂത്രണം സംഘടിപ്പിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനെ സഹായിക്കുക എന്നതായിരുന്നു ജനകീയാസൂത്രണ ക്യാംപയിൻ സെല്ലിന്റെ ചുമതല.

വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഗവൺമെന്റിതര ഏജൻസികൾ, രാഷ്ട്രീയ പ്രവർത്തകർ മുതലായ വിഭാഗങ്ങളെ പങ്കെടുപ്പിച്ച് വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകളും യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക, പ്രാദേശിക ആസൂത്രണത്തിന് അനുയോജ്യമായ കൈപ്പുസ്തകങ്ങളും പഠന സഹായികളും എഴുതി തയ്യാറാക്കുക, അതോടനുബന്ധിച്ചുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക, തദ്ദേശസ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതിയാസൂത്രണ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്തു ഗവൺമെന്റിലേക്ക് റിപ്പോർട്ടു ചെയ്യുക എന്നിവ ക്യാംപയിൻ സെല്ലിന്റെ പ്രവർത്തനങ്ങളായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly